**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3587** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂവസ്തു അറ്റാച്ച്മെന്റ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഒരാൾക്കെതിരെയുള്ള ധനപരമായ ബാധ്യതകൾ അയാളുടെ ഭൂവസ്തു ജപ്തി ചെയ്ത് ഈടാക്കുവാൻ നിർദ്ദേശിച്ച് കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ (വസ്തു പണയപ്പെടുത്തിയുള്ള വായ്പകൾ ഒഴികെയുള്ളത്) സംബന്ധിച്ച വിവരങ്ങൾ നിർദിഷ്ട ജപ്തി വസ്തുവിന്റെ സബ് രജിസ്ട്രാർ ഓഫീസ്/വില്ലേജ് ഓഫീസ് ഭൂരേഖകളിലും സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകുന്ന എൻകമ്പ്രൻസ് സർട്ടിഫിക്കറ്റുകളിലും രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ അനുശാസിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെ 57 -ാ വകുപ്പനുസരിച്ച് ഒന്നാം പുസ്തകത്തിലെ ഇൻഡക്സിൽ ഉള്ള പതിവുകളാണ് ബാധ്യത സർട്ടിഫിക്കറ്റിൽ ചേർത്ത് നൽകുന്നത് രജിസ്ട്രേഷൻ ആക്ട് വകുപ്പ് 89 പ്രകാര നീതിന്യായ കോടതികൾ പുറപ്പെടുവിക്കുന്ന ജപ്തി/വിട്ടുതൽ ഉത്തരവുകളും റവന്യൂ റിക്കവറ ആക്ട് പ്രകാരം റവന്യൂ ഓഫീസർ പുറപ്പെടുവിക്കുന്ന ജപ്തി ഉത്തരവുകളും അതാത സബ് രജിസ്ട്രാർ ഓഫീസുകളിലെ ഒന്നാം പുസ്തകത്തിൽ ഫയൽ ചെയ്യേണ്ടതുണ്ട് ആയതിനാൽ കോടതി ഒരു വസ്തുവിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ജപ്തി ബാധ്യത ഉത്തരവുകൾ ഒന്നാം പുസ്തകത്തിൽ ഫയൽ ചെയ്യപ്പെടുന്നതിനാൽ ബാധ്യത സർട്ടിഫിക്കറ്റിൽ പ്രസ്തുത ജപ്തി ഉത്തരവ രേഖപ്പെടുത്തുന്നതാണ്. |
| (ബി) | ഇപ്രകാരം രേഖപ്പെടുത്താത്ത സാഹചര്യങ്ങളിൽ നീതിന്യായ കോടതികളുടെ ഇടക്കാല/അന്തിമ അറ്റാച്ച്മെന്റ് ഉത്തരവുകൾക്ക് ശേഷം ഈ വസ്തു വിൽപ്പന നടത്തുമ്പോൾ ഈ അറ്റാച്ച്മെന്റ് ഉത്തരവുകൾ സംബന്ധിച്ച വിവരങ്ങൾ/നടപടികൾ യഥാസമയം അറിയാതെ വസ്തു വാങ്ങുന്ന ആൾ നിർദിഷ്ട വസ്തു അറ്റാച്ച്മെന്റ് നടപടികൾക്ക് വിധേയമാകുന്നതിനാൽ വഞ്ചിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നീതിന്യായ കോടതികൾ/മറ്റ് അധികാര സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ഒരു വസ്തുവിന്മേലുള്ള ഇടക്കാല/അന്തിമ അറ്റാച്ച്മെന്റ് ഉത്തരവുകൾ (നിർദിഷ്ട വസ്തു നിയമാനുസൃതം പണയപ്പെടുത്തി | (സി) | പ്രസ്തുത വ്യവസ്ഥകൾ രജിസ്ട്രേഷൻ ആക്ടിൽ നിലവിലുള്ളതിനാൽ ചട്ടങ്ങൾ പരിഷ്കരിക്കേണ്ടതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| | കരസ്ഥമാക്കുന്ന വായ്പകൾ ഒഴികെയുള്ള സംഗതികളിൽ) സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വസ്തുവിന്റെ സബ് രജിസ്ട്രാർ ഓഫീസ്/വില്ലേജ് ഓഫീസ് രേഖകളിലും സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകുന്ന എൻകമ്പ്രൻസ് സർട്ടിഫിക്കറ്റുകളിലും രേഖപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്ത് ചട്ടങ്ങൾ പരിഷ്കരിക്കാമോ? | | |

സെക്ഷൻ ഓഫീസർ